**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്-എരമം വില്ലേജിലെ റീ സർവ്വേ നമ്പർ 247/5 ൽ ഉൾപ്പെട്ട സ്ഥലത്തെ അനധികൃത നിർമ്മാണം- കേരള പഞ്ചായത്ത് കെട്ടിട (അനധികൃത ക്രമവൽക്കരണം) ചട്ടം,2014—ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1142/16/തസ്വഭവ തീയതി തിരുവനന്തപുരം 04.03.12016

---

പരാമർശം:- 1) 21.8.14- ലെ സ.ഉ(എം.എസ്) നമ്പർ 150/2014/ തസ്വഭവ

2) കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീ. ഇബ്രാഹിം മൗലവി, മാതാംഗലം, എം എം ബസാർ പി.ഒ കണ്ണൂർഎന്നവർ സമർപ്പിച്ച 24.11.14 -ലെ അപേക്ഷ.

3) എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.4.15-ലെ എ 3/5806/14 നമ്പർ കത്ത്

4) കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 15.5.15-ലെ ഡി 561/15 നമ്പർ കത്ത്

5) മുഖ്യ നഗരാസൂത്രകന്റെ 02.02.16 .-ലെ D1/4546/15 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ എരമം വില്ലേജിലെ റീ സർവ്വേ നമ്പർ 247/5 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. ഇബ്രാഹിം മൗലവി, മാതാംഗലം എം.എം ബസാർ പി.ഒ കണ്ണൂർ, എന്നവർ നിർമ്മിച്ച ഷോപ്പ് കെട്ടിടത്തോട നുബന്ധിച്ച് നടത്തിയിട്ടുള്ള നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ, സാങ്കതിക ശുപാർശ സഹിതം പരാമർശം (5) പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 5(6) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ എരമം വില്ലേജിലെ റീ സർവ്വേ നമ്പർ 247/5 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. ഇബ്രാഹിം മൗലവി, മാതാംഗലം എം എം ബസാർ പി.ഒ, കണ്ണൂർ, നിർമ്മിച്ച നിലവിലുള്ള കെട്ടിടത്തോട് ആകെ 120.5 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ കൂട്ടിച്ചേർക്കൽ നടത്തിയത് ക്രമവൽക്കരിക്കുന്നതിന് എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(I) അംഗപരിമിതർക്കുള്ള ടോയ് ലറ്റ്, റാമ്പ്, പാർക്കിംഗ് എന്നിവ നൽകിയിരിക്കണം.

(II) പരാമർശ നിർമ്മാണം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) ലംഘിക്കുന്നില്ലായെന്ന് ഉറപ്പാക്കണം

(ii) നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമായിരിക്കണം.

(vi) കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി ₹ 32,,400/- രൂപ (മുപ്പത്തിരണ്ടായിരത്തി നാനൂറ് രൂപ) '' 0515 Other Rural Development program mes -800 Other receipts -92 Compounding fee for regularisation of Unauthorised Constructions violating provisions of building rules''എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തിയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ എരമം-കുറ്റൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും കേരള പഞ്ചായത്ത്കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4 ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് എരമം-കുറ്റൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
മധു.ബി
ജോയിന്റ് സെക്രട്ടറി

ശ്രീ. ഇബ്രാഹിം മൗലവി, മാതാംഗലം എം എം
ബസാർ പി.ഒ കണ്ണൂർ
സെക്രട്ടി, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്)
ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ